## വാഴട്ടെ...വാഴട്ടെ...
## അന്ത്യോഖ്യാ മലങ്കരബന്ധം നീണാൾ വാഴട്ടെ



**പരി.പത്രോസിന്റെ 123 ാം പിൻഗാമി**

# മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം II
# പത്രിയർക്കീസ് ബാവ



bulletin APril 2014.indd 4 18-Apr-14 6:17:29 AM

# His Beatitude Aboon Mor Baselios Thomas I



## Our Catholicos & The Metropolitan Trustee of the Church in India

bulletin APril 2014.indd 5 18-Apr-14 6:17:36 AM

# His Grace Mathews Mor Antheemos



## Our Patriarchal Vicar

bulletin APril 2014.indd 7 18-Apr-14 6:17:37 AM



# ത്രിയേക ദൈവത്തിനു സ്തുതി

ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്,നീ പോകുന്നിടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്ക് നിന്നെ മടക്കി വരുത്തും;ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും.(ഉല്പത്തി28:15)

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ കാലം ചെയ്ത പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ നമ്മുടെ ഓരോരുത്തരുടേയും കണ്ണുനീരിൽ കുതിന്ന പ്രാർത്ഥന ഏറ്റുവാങ്ങി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.ഒരു ജന്മം മുഴുവൻ സഭയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച പരിശുദ്ധ പിതാവ് എന്നും മനുഷ്യ മനസ്സുകളിൽ ജീവിക്കും.പ്രാർത്ഥനകൊണ്ടും ജീവിത വിശുദ്ധികൊണ്ടും പലരേയും അതിശയിപ്പിച്ചിട്ടുണ്ട്.മഹാത്മഗാന്ധി ഒരിക്കൽ പറഞ്ഞു. ‘എൻെറ ജീവിതമാണ് എൻെറ സന്ദേശം’.ലോകജനതയ്ക്കു മുമ്പിൽ ഇത്ര സ്വീകാര്യനായ ഒരു പരമാദ്ധ്യക്ഷനെയാണ് നമ്മുടെ സഭയെ നയിക്കാൻ ദൈവം തിരഞ്ഞെടുത്തത്.1-ാം തുബ്ദേനിൽ നാം വായിക്കുന്നുണ്ട്.‘ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷനായിരുന്നു നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ പരിശുദ്ധ സഭയെ മേയിച്ചു ഭരിക്കുന്ന നമ്മുടെ പാത്രിയർക്കീസായ ..................’ലോകമെമ്പാടുമുള്ള സുറിയാനി സഭാമക്കളെ ഒരു കുടക്കീഴിൽ നയിക്കാനുള്ള ശക്തി ദൈവം പരിശുദ്ധ പിതാവിന് നൽകിയിരുന്നു.ദൈവം തിരഞ്ഞെടുത്തവരെ തൻെറ നാമ മഹത്വത്തിനായി ഉപയോഗിക്കുന്നു.മോശയെ ദൈവം വിളച്ചത് കഷ്ടപ്പെടുന്ന തൻെറ ജനത്തെ അടിമത്വത്തിൽ നിന്ന് രക്ഷിച്ചു വിടുവിക്കുന്നതിനായിരുന്നു.ആ നിയോഗത്തിൽ ഉറച്ചുനിന്നു പ്രലോഭനങ്ങളെ പ്രതിസന്ധികളെ തരണം ചെയ്യുന്നതിനുള്ള ശക്തി തമ്പുരാൻ മോശക്ക് സമയാസമയങ്ങളിൽ നൽകിയിരുന്നു.ദൈവത്തിനുവേണ്ടി നിന്നവരെ ദൈവം കരുതും എന്നുള്ളത് സത്യമാണ്.സീനായ് മലയിൽ മുൾപടപ്പ് കത്തുന്നത് കണ്ട്-ദൈവ തേജസിൻെറ മുമ്പിൽ വിറയലോടെ നിന്ന മോശ,ആ ദിവ്യശക്തി സ്വീകരിച്ചു കൊണ്ടാണ് തൻെറ ജനത്തെ നടത്തിയത്.നമ്മുടെ പരിശുദ്ധ പിതാവിന് ദൈവം കൊടുത്ത മുഖകാന്തി എത്രയോ വലുതാണ്.ഒരു ദൈവീക ചൈതന്യമുണ്ട് ആ മുഖത്ത്.പ്രതിസന്ധി ഘട്ടങ്ങളിൽ കാലിടറാതെ സധൈര്യം സഭയെ മുമ്പോട്ടു നയിച്ചിരുന്നു പരിശുദ്ധ ബാവ.സിറിയയിലെ നമ്മുടെ പൈതൃകമായ സ്വത്തുക്കളും ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളും ബാവ കഷ്ടപ്പെട്ടുണ്ടാക്കിയ പലതും ആഭ്യന്തരയുദ്ധത്തിൽ തകർന്നിട്ടുണ്ട്.അതിലും വേദനാജനകമായ കാര്യം പാവപ്പെട്ട സുറിയാനി വിശ്വാസികൾ നിഷ്കരുണം കൊല്ലപ്പെടുന്ന ദൃശ്യങ്ങൾ ബാവായെ ഏറെ അസ്വസ്ഥനാക്കിയിരുന്നു. പ്രായവ്യത്യസമില്ലാതെ ശിശുക്കൾ, സ്ത്രീകൾ അടക്കം അനേകർ തോക്കിനും അക്രമത്തിനു ഇരയായപ്പോൾ പരി.പിതാവ് അനുഭവിച്ച മാനസീക

സംഘർഷം അനവധിയായിരുന്നു.നിർബന്ധപൂർവ്വം പാലായനം ചെയ്യേണ്ടി വന്നപ്പോൾ പരി.പിതാവ് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്."എന്റെ മക്കൾ ഇവിടെ കഷ്ടത അനുഭവിക്കുമ്പോൾ എനിക്ക് എങ്ങനെ ഇവിടെ നിന്നു പോകാനാകും" എന്നതാണ്.അത്രയേറേ സ്നേഹവും കരുതലും സഭാമക്കളോട് പരിശുദ്ധ പിതാവിനു ഉണ്ടായിരുന്നു.അതുകൊണ്ടുതന്നെ ലോകത്തിൽ നാനദിക്കിലുള്ള സുറിയാനി മക്കളുടെ ഹൃദയത്തിൽ മാത്രമല്ല നാനാജാതി മതസ്ഥരുടെയിടയിലും പരി.പിതാവിന് നല്ല അംഗീകാരം ലഭിച്ചിരുന്നു.പരി.പിതാവ് കാലം ചെയ്തപ്പോൾ ലോക നേതാക്കന്മാരുടെ ആദരവ് ഏറ്റുവാങ്ങിയാണ് യാത്രയായത്.ചരിത്രത്തിന്റെ താളുകളിൽ പരി.പിതാവിന്റെ സ്മരണ എന്നും നിലനിൽക്കും.ആകാശം എത്ര കാർമേഘാവൃതമായാലും അതിൽ ഒരു നക്ഷത്രമെങ്കിലും കാണാതിരിക്കില്ല.ഏതു പ്രതിസന്ധി നേരിട്ടാലും.സഭാ മക്കൾ ഏതു കലുഷിതമായ അന്തരീക്ഷത്തെ അഭിമുഖികരിക്കേണ്ടി വന്നാലും ഭയപ്പെടാനില്ല.നക്ഷത്രം പോലെ ശോഭിക്കുന്ന പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന സാന്നിധ്യം നമ്മോടൊപ്പം ഉണ്ടാകും.

നമ്മുടെ ഇടവക ധന്യമാണ്, ആ പുണ്യവാന്റെ പാദസ്പർശം ഏറ്റുവാങ്ങിയ നമ്മുടെ ദേവാലയം.ഒരു അനുഗ്രഹീത ദേവാലയമാണ്.ഇവിടുത്തെ സഭാമക്കളുടെ മനസ്സിൽ നല്ലനല്ല ഓർമ്മകൾ നിലനിർത്തിയാണ് പരി.പിതാവ് അരുമനാഥന്റെ സന്നിധിയിലേക്ക് യാത്രയായത്.നമുക്ക് വളരെ വിനയത്തോടെ ദൈവത്തെ സ്തുതിക്കാം.ആ പുണ്യാത്മാവിന്റെ ആത്മാവിനു നിത്യശാന്തി നേന്ന്,ആ നാമത്തിൽ അഭയപ്പെട്ടു പ്രാർത്ഥിക്കാം.

"ആചാര്യേശ മശിഹാ കൂദാശകളർപ്പിച്ച

ശ്രേഷ്ഠ മഹാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സ്നേഹപൂർവ്വം,

ക്രിസ്തുയേശുവിൽ,

നിങ്ങളുടെ സജിയച്ചൻ.



bulletin APril 2014.indd 9 18-Apr-14 6:17:39 AM

ആദരാഞ്ജലികൾ



**Anson P. Isaac & Family**



bulletin APril 2014.indd 10 18-Apr-14 6:17:40 AM



# Message from Secretary

No words can ever bring back our Patriarch His Holines Ignatius Zakka I Iwas who left us for his heavenly abode on Friday, 21st March 2014. No ceremony can do justice to his memory. No honour will ever fill his absence. But on this 30th Memorial Day of our Holy Father, we came together to publish this Special Bulletin to let him know that his memory and kindness will ever remain fresh in our hearts; and that his children at St. Peter's Church will always pray for his soul to rest in peace eternally. Our resolve to follow his foot-prints will never die until our last breath.

Praise the Lord, we are very fortunate that this Special Bulletin is being published on the Easter Day and on our Bava's 30th Memorial Day by the very blessed hands of the Catholicos of India Aboon Mor Baselios Thomas I, the supreme head of the Syrian Orthodox Church in India, and the second highest personality – next to the Patriarch of Antioch – in the hierarchy of the Universal Syrian Orthodox Church. His Beatitude led the funeral services of the late lamented Bava in Mor Ephrem Church, Achrafieh, Lebanon on 26th and 27th March 2014.

This Special Bulletin is a modest attempt on our part to express our reverence and gratitude to our Holy Father, and to commemorate his memory. This also provided a golden opportunity to our members who were fortunate to have closely interacted with the Holy Father during his two apostolic visits to our Church in 1989 and 2003, to express their fond memories and rarest moments spent with the Holy Father.

Our Sincere thanks to all those who contributed articles, advertisements and in many aspects associated with the publication of this Special Bulletin. Special thanks are also due to the Managing Committee headed by our Vicar Rev.Fr. Saji Job, and Mr. Alex John who was entrusted with the responsibility with the publication of this Special Bulletin, for their whole-hearted support and efforts in accomplishing this task.

May Lord pour His mercy on our beloved Bava. May we be blessed by his heard prayers. May his memory be eternal. May God bless us all.

With prayers,

K.M. Kurien



# Editor's Message

Dear in Christ,

Thank you for being part of this Special Bulletin we have published to commemorate the fond memories of our Holy Father on his 30th Memorial Day. We have been blessed by his two Apostolic visits to Bahrain and this Bulletin gave us a good opportunity to express our gratefulness and share the precious moments with the Moran.

I am extraordinarily grateful to be part of this experience and we have been blessed by the presence of H. B. Aboon Mor Baselios Thomas I for publishing this Bulletin and overwhelmed by the support of our parishioners to make this a reality.

Let us adore the name of our Lord and acknowledge Him for the abundant blessings.

With prayers,

Alex John

# *A Tribute to Our Holy Father*

You are bidding farewell to your church and people in your earthly life

To meet your Lord, giver of talents and maker of crowns

You completed your work and finished race, you can rest now

You have been preparing for your rest from a long time

You are worthy of the blessed position of the right hand

The church and the faithful are crying for the separation from you

To pour all blessings on the faithful in good faith and hope

Go in peace, O Aboun Zakka, and pray for us

In front of the glorious throne of divinity

Note:- *This poem was published during the funeral services of Late Lamented Patriarch His Holiness Ignatius Zakka 1 Iwas held on 26th March 2014 in Mor Ephrem Church in Achrafieh, Lebanon.*

## പാത്രിയർക്കീസ് ബാവാ: ജീവിത നാൾവഴി

1933 ഏപ്രിൽ 21-ഇറാഖിലെ മൊസൂളിൽ ഈവാസ് എന്ന ഉന്നത കുടുംബത്തിൽ ജനിച്ചു. 1946-പ്രാഥമിക വിദ്യാഭ്യാസത്തിന ശേഷം 13-ാമത്തെ വയസിൽ മൊസൂളിലെ മോർ അപ്രേം സെമിനാരിയിൽ വൈദീക വിദ്യാഭ്യാസം.സെമിനാരി പഠനകാലത്ത് സാഖാ എന്ന നാമം സ്വീകരിച്ചു.

1948 നവംബർ 28-മോർ അത്താനാസിയോസ് തോമാ കസിർ മെത്രാപ്പോലിത്തായിൽ നിന്ന് കോറൂയോ സ്ഥാനം.

1954 ജൂൺ 6- ഗ്രീഗോറിയോസ് പൗലോസ് ബഹനാം മെത്രാപ്പോലിത്ത ശർവോയോ റമ്പാൻ സ്ഥാനം നല്കി.ഇക്കാലയളവിൽ പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായും തുടന്ന് 1957 മുതൽ പരിശുദ്ധ യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ പഴ്സണൽ സെക്രട്ടറിയായും നിയമിതനായി.

തുടന്ന് ന്യൂയോർക്ക് സർവകലാശാലയിൽ ഉപരിപഠനം.

1957 നവംബർ 17-യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ വൈദീക പട്ടം നല്കി.

1959 ഏപ്രിൽ 15-റമ്പാൻ സ്ഥാനം.

1963 നവംമ്പർ 17-മൊസൂൾ ഭദ്രാസനത്തിനായി മോർ സേവേറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലിത്തയായി.

1964 മെയ് 16-ജൂൺ23-യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായോടൊപ്പം മലങ്കരയിൽ സന്ദർശനം.മെയ് 22 ന് മോർ ബസേലിയോസ് ഔഗൻ പ്രഥമൻ കാതോലിക്ക ബാവായുടെ സ്ഥാനാരോഹണത്തിൽ സഹകാർമ്മികത്വം.1964 സെപ്റ്റംബർ 1-മൊസൂളിലെ അതിപുരാതനമായ സെൻറ് തോമസ് പള്ളിയിൽ നിന്നു വിശുദ്ധ മാർ തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെത്തി.

1967-80-മൊസൂൾ ഭദ്രാസനത്തിന പുറമെ യൂറോപ്പ്, തുടന്ന് ബാഗ്ദാദ് ബസ്ര,മോർ മത്തായി ദയാറാധിപൻ എന്നീ ചുമതലകൾ നിർവ്വഹിച്ചു.ഈ കാലയളവിൽ വിവിധ എക്യുമെനിക്കൽ യോഗങ്ങളിൽ സഭയുടെ പ്രതിനിധിയായി പങ്കെടുത്തു.1980 ജൂലൈ 11- ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ ആകമാന സുന്നഹദോസ് പാത്രിയർക്ക സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.1980 സെപ്റ്റംബർ 14-ശ്രേഷ്ഠ കാതോലിക്ക ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ പാത്രിയർക്കാ സ്ഥാനാരോഹണം.

1982 ഫെബ്രുവരി 7,മാർച്ച്-മലങ്കരയിലെ പ്രഥമ ശ്ലൈഹീക സന്ദർശനം.പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ(മഞ്ഞനിക്കര) 50-ാം ദുഃഖ്റോനോ വാർഷിക ഉദ്ഘാടനം(ഫെബ്രുവരി13),വിശുദ്ധ മൂറോൻ കൂദാശ(മണർകാട് പള്ളി ഫെബ്രുവരി 27), അഭിവന്ദ്യ ഏബ്രാഹം മോർ സേവേറിയോസ് മെത്രാപ്പോലിത്തായുടെ മെത്രാഭിഷേകം(കോതമംഗലം ചെറിയപള്ളി,മാർച്ച്-6) മലങ്കരയിലെ ദൈവാലയങ്ങളിൽ സന്ദർശനം.

1984-വത്തിക്കാനിൽ മാർപാപ്പയെ ശ്രേഷ്ഠ കാതോലിക്ക ബാവായുമൊത്ത് സന്ദർശനം.ഈ സന്ദർശനത്തിൽ യാക്കോബായ - കത്തോലിക്ക സഭകളിലെ അംഗങ്ങൾക്ക് 3 കൂദാശകൾ അവരവക്ക് ദേവാലയങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്വീകരിക്കുന്നതിനുള്ള ഉടമ്പടി ഒപ്പിട്ടു.

1984 ഒക്ടോബർ 7-ബന്യാമിൻ മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയെ വാഴിച്ചു. (സിംഹാസന പള്ളികൾ)

1987 ഡിസംബർ 21-മാർത്തോമാശ്ലീഹായുടെ നാമം 4-ാം തുബ്ദേനിലും പരിശുദ്ധ യൽദോ ബാവാ (കോതമംഗലം),പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ (മഞ്ഞനിക്കര),പരിശുദ്ധ പരുമല തിരുമേനി എന്നീ പിതാക്കന്മാരുടെ നാമങ്ങൾ 5-ാം തുബ്ദേനിലും ചേർത്തു.

1994 ഫെബ്രുവരി-യാക്കോബായ - കത്തോലിക്ക അംഗങ്ങൾ തമ്മിലുള്ള വിവാഹത്തിനുള്ള അംഗീകാരം നല്കി.

2000 ഏപ്രിൽ-മലങ്കരയിലെ രണ്ടാമത്തെ ശ്ലൈഹീക സന്ദർശനം എബ്രാഹം മോർ ക്ലീമീസ്

മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക സുവർണ ജൂബിലി ഉദ്ഘാടനം ചെയ്തു.അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായെയും സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായെയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു.

2002 ജൂലൈ 26- ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായെ വാഴിച്ചു.

2004 ഓഗസ്റ്റ് 19-ആലുവായിലെ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപച്ചു.

2004 സെപ്റ്റംബർ-മലങ്കരയിലെ മൂന്നാമത്തെ ശ്ലൈഹീക സന്ദർശനം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണ രജത ജൂബിലി ഉദ്ഘാടനം,രണ്ടാം മുളന്തുരുത്തി അസോസിയേഷൻ,വിശുദ്ധ മൂറോൻ കൂദാശ,കരിങ്ങാച്ചിറ സുന്നഹദോസ്.2006 ഫെബ്രുവരി 7 പരിശുദ്ധ അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ നാമം തുബ്ദേനിൽ ചേർത്തു.

2008 ഒക്ടോബർ-മലങ്കരയിലെ നാലാം ശ്ലൈഹീക സന്ദർശനം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ഉദ്ഘാടനം എറണാകുളം മറൈൻഡ്രൈവ്,കോതമംഗലം അസോസിയേഷൻ,കോതമംഗലം സുന്നഹദോസ്,മോർ ബസേലിയോസ് ശക്രള്ള ബാവ,യൂയാക്കീം മോർ കൂറിലോസ് ബാവാ,പൗലോസ് മോർ കൂറിലോസ് എന്നിവരെ പരിശുദ്ധരായി പ്രഖ്യാപിച്ചു.

2009 സെപ്റ്റംബർ 18 - പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ നാമം തുബ്ദേനിൽ ചേർത്തു.

2009 നവംബർ 26-സ്ലീബ മോർ ഒസ്താത്തിയോസ് ബാവായുടെ നാമം തുബ്ദേനിൽ ചേർത്തു.

Source internet Publication

## സുറിയാനി സഭയുടെ പ്രകാശഗോപുരം

ആകമാന സുറിയാനി സഭയുടെ അഭിമാനവും നമ്മുടെ എല്ലാം സ്വകാര്യ അഹങ്കാരവുമായ ആ ധന്യ ജീവിതത്തിന് താല്കാലികമായ വിരാമമായിരിക്കുന്നു.ആത്മീയ ചൈതന്യം തുളുമ്പി നിന്നിരുന്ന ആ സൂര്യ തേജസ്സ് ലോകത്തോട് വിടചൊല്ലി സ്വപിതാവിൻെറ ശാശ്വത നാട്ടിലേക്ക് യാത്രയായി.നിത്യതയിൽ അർഹമായ സ്ഥാനം നേടി സ്വർഗ്ഗീയ പിതാവിൻെറ വലതു ഭാഗത്തായിരിപ്പാൻ പരിശുദ്ധ ബാവാക്ക് സംഗതിയാകട്ടെ.അവിടെ നമുക്കായി മദ്ധ്യസ്ഥത യാചിപ്പാൻ പരിശുദ്ധ പിതാവിനോട് കൂട്ടായി അപേക്ഷിക്കാം.

ബഹറിൻ സെൻറ് പീറ്റേഴ്സ് ഇടവകാഗംങ്ങൾക്ക് പരിശുദ്ധ ബാവായുമായി വൈകാരികമായ ബന്ധമാണ് നിലനില്ക്കുന്നത്.രണ്ട് ശ്ലൈഹിക സന്ദർശനത്തിലൂടെ ബാവായുടെ സാമിപ്യം അനുഭവിക്കുന്നതിനും, വിശുദ്ധനാട് സന്ദർശനത്തിൻെറ ഭാഗമായി ബാവായുടെ അരമനയിൽ താമസിക്കുന്നതിനും ഏറെ കരുതലോടെയുള്ള അവിടുത്തെ ആധിത്യം സ്വീകരിച്ച് തൃക്കരം മുത്തുന്നതിനും സ്നേഹാന്വേഷണങ്ങൾ ശ്രവിക്കുന്നതിനും അപൂർവ്വമായ ഭാഗ്യം സിദ്ധിച്ചവരാണ് നമ്മിൽ പലരും.അറിയുന്തോറും ആദരവ് വർദ്ധിക്കുകയും ഓരോ ദർശനത്തിലും വർദ്ധിതമായ തേജസ്സ് അനുഭവപ്പെടുന്നതും ബാവായുടെ മാത്രം അപൂർവ്വതയാണ്.

ആകമാന സുറിയാനി സഭയ്ക്ക് ഇതര ക്രൈസ്തവ സഭകളും സമൂഹങ്ങളുമായുള്ള ബന്ധം വിപുലീകരിക്കുന്നതിനും ദൃഢപ്പെടുത്തുന്നതിനും ബാവായുടെ പ്രവർത്തനങ്ങൾ ശക്തി പകർന്നിട്ടുണ്ട്.ചിട്ടയായ പ്രവർത്തനത്തിലൂടെ ലോകത്തിൻെറ പല ഭാഗങ്ങളിലും സഭയുടെ വളർച്ച ത്വരപ്പെടുത്തുന്നതിനും ബാവാക്ക് കഴിഞ്ഞു.മദ്ധ്യപൂർവ്വദേശത്ത് വൻശക്തികളുടെ അധിനിവേശത്തിനെതിരെ രൂക്ഷമായി പ്രതികരിക്കുന്നതിനും ബാവ തയ്യാറായി.

മരണത്തിലും,ലോകത്തിന് വലിയ സന്ദേശം നല്കികൊണ്ടാണ് പരി.ബാവ നമ്മിൽനിന്ന് വിടവാങ്ങിയിരിക്കുന്നത്.രാജകീയമായ കബറടക്കത്തിന് എല്ലാ സാധ്യതകളും നിലനില്ക്കെ; ഒരു സാധാരണ മനുഷ്യനെപ്പോലെ കിടത്തി വേണം തൻെറ സംസ്കാരം നടത്തുവാൻ എന്ന് വിൽപത്രത്തിൽ പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു.സർവ്വശക്തനായ ദൈവത്തിൻെറ മുൻപിൽ എല്ലാ മനുഷ്യരും തുല്യരാണെന്നും അവിടെ ലോകപ്രദമായ വലിപ്പചെറുപ്പങ്ങൾക്ക് സ്ഥാനമില്ലെന്നുമുള്ള മഹത്തായ ചിന്തയാണ് ഇതിലൂടെ അദ്ദേഹം ഉയിർത്തിപ്പിടിച്ചത്.ആത്മീയതയുടെ ഉന്നതിയിൽ നിൽക്കുമ്പോഴും എളിമയും, വിനയവും, സംയമനവും അലങ്കാരമാക്കി ശാന്തമായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്.ജീവിച്ചിരിക്കുമ്പോൾ തന്നെ ജനഹൃദയങ്ങളിൽ വിശുദ്ധനെന്ന അംഗീകാരം നേടിയ അപൂർവ്വമായ വ്യക്തിത്വമായിരുന്നു ബാവായുടേത്.

മൂന്നു ഘട്ടങ്ങളിലായി പരി.ബാവായെ അടുത്ത് കാണുന്നതിനും അദ്ദേഹത്തിൻെറ തൃക്കരം മുത്തി ഇടവകയുടെ പാരിതോഷികമായി മെമെൻേറാ സമർപ്പിക്കാൻ ലഭിച്ച മഹാ

ഭാഗ്യത്തെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു.സിറിയാ സന്ദർശന വേളയിൽ പരി.ബാവ സമ്മാനിച്ച, പാത്രിയർക്കൽ ചിഹ്നവും ബാവായുടെ ചിത്രവും ആലേഖനം ചെയ്ത ഷീൽഡ് ആ പരിശുദ്ധനെ കുറിച്ചുള്ള ഓർമ്മകൾ കൂടുതൽ ദീപ്തമാക്കുന്നു.2003-ലെ ബഹറിൻ സന്ദർശന വേളയിൽ ഇവിടത്തെ പല പരിപാടികളിലും അദ്ദേഹത്തെ അനുഗമിക്കാൻ കഴിഞ്ഞതും മനസ്സിന്റെ ഓർമ്മച്ചെപ്പിൽ മായാത്ത മുദ്രയായി എന്നും നിലനില്ക്കും.



നൂറുകണക്കിന് വൈദീകരുടേയും സന്യസി സമീഹത്തിന്റേയും മലങ്കരയടക്കം പല രാജ്യങ്ങളിൽ നിന്നുമുള്ള അനേകം മെത്രാപ്പോലീത്തമാരുടേയും സാമൂഹ്യ രാഷ്ട്രീയ നേതാക്കളുടേയും സാന്നിധ്യത്തിൽ ബെയ്റൂട്ടിലെ മോർ എഫ്രേം ദേവാലയത്തിൽ നടന്ന പരിശുദ്ധ ബാവായുടെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുക്കുന്നതിനും പുഷ്പചക്രം സമർപ്പിച്ച് പ്രാർത്ഥനയോടെ യാത്രാ മൊഴി ചൊല്ലുന്നതിനും ദൈവം സംഗതിയാക്കിയതും ഈ അവസരത്തിൽ ഓർക്കുന്നു.മലങ്കരയുടെ യാക്കൂബു ബുർദ്ദാനയും നമ്മുടെ എല്ലാം അഭിമാനവുമായ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന കബറടക്ക ശുശ്രൂഷ ഏറെ വികാര നിർഭരമായിരുന്നു. മലയാളത്തിൽ പ്രതിവാക്യങ്ങൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ആ ആത്മീയ ശുശ്രൂഷയുടെ ഭാഗമാകാൻ കഴിഞ്ഞത് ഏറെ ആത്മനിവൃതി നല്കുന്ന നിമിഷങ്ങളായിരുന്നു.

പരിശുദ്ധ ബാവായുടെ പാവനമായ ഓർമ്മകൾക്കു മുൻപിൽ ശിരസ്സു നമിച്ച് പ്രണാമങ്ങൾ അർപ്പിക്കുന്നു.ആ വിശുദ്ധന്റെ ആത്മാവിന് നിത്യശാന്തി ലഭിപ്പാൻ അനവരതം പ്രാർത്ഥിക്കുന്ന അനേകായിരങ്ങളോടൊപ്പം കൂടെ എളിയവനായ ഞാനും അണിചേരുന്നു.

പ്രാർത്ഥനോടെ

ടി.വി.ജേക്കബ്.



## എന്റെ സ്മരണകൾ

എന്റെ ജീവിതത്തിൽ പരി.ബാവായെ ആറു പ്രാവശ്യം കാണുവാനും അടുത്ത് ഇടപഴുകാനും പരിചയം പുതുക്കുന്നതിനും സാധിച്ചതിൽ ബലഹീനനായ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

പരി.ബാവായെ അടുത്ത് കാണുന്നത് 1989-ൽ നമ്മുടെ പള്ളിയിൽ എഴുന്നുള്ളിയ അവസരത്തിലാണ്.അന്ന് പരി.ബാവായുടെ സാമിപ്യം ലഭിപ്പാൻ ഇടയായി.

പിന്നീട് ഒന്നര ദശകത്തോട് അടുത്താണ് പരി.ബാവയെ കാണുന്നത്.അതും നമ്മുടെ പള്ളിയിലേയ്ക്ക് എഴുന്നള്ളിയ സമയത്തായിരുന്നു.അപ്പോൾ ബാവായുമായി പരിചയപ്പെടുവാനും. പലപ്രാവശ്യം കാണുവാനും സംസാരിക്കുവാനും ദൈവം കൃപ നൽകി.

അടുത്തത് ബലഹീനനായ ഞാൻ 2009-ൽ കടുംബസമേതം വിശുദ്ധനാട് സന്ദർശനവേളയിൽ സിറിയയിൽ ചെല്ലുവാനും പരി.ബാവായുടെ ആധിത്യം സ്വീകരിച്ച് 3 നാൾ അവിടെ കഴിയുവാനും,പരിചയം പുതുക്കുവാനും സാധിച്ചു.

പരി.ബാവായുടെ ദോഹ പള്ളികൂദാശ വേളയിൽ കുടുംബസമേതം ചെന്ന് പരി.ബാവായെ കാണുവാനും,പരിചയം പുതുക്കുവാനും സാധിച്ചു.

വീണ്ടും 2011-ൽ സറിയയിൽ ചെല്ലുവാനും പരി.ബാവായെ നമ്മുടെ പള്ളിയിലേക്കു ക്ഷണിക്കുവാനും ഉള്ള ഭാഗ്യമുണ്ടായി.എന്നാൽ നിർഭാഗ്യ സാഹചര്യം ഉളവായതിനാൽ അതിന് പൂർത്തീകരണം ഉണ്ടായില്ല.

എന്നാൽ എന്റെ ഏറ്റവും വലിയ ഭാഗ്യം 2012-ൽ പരി.ബാവയുടെ കുവൈറ്റ് സന്ദർശന വേളയിൽ നമ്മുടെ പള്ളിയെ പ്രതിനിധീകരിച്ച് അവിടെ ചെന്നെത്തുവാനും.അവിടെ മൂന്നു ദിവസം പരി.ബാവായോടും സഹമെത്രാന്മാരും,അച്ചൻമാരുമായി അടുത്ത് ഇടപഴകുവാനും സാധിച്ചു.കൂടാതെ നമ്മുടെ പള്ളിയുടെ കൈമുത്ത് കൈമാറിയപ്പോൾ മുട്ടിന്മേൽ നിൽക്കാൻ കൽപിക്കുകയും തലയിൽ കൈ വച്ച് അനുഗ്രഹ പ്രാർഥന നടത്തുകയും ചെയ്തു.പിന്നീട് കുവൈറ്റ് ഇടവക VIP കൾക്ക് നൽകിയ dinner reception-ൽ പരി.ബാവായൊടൊപ്പം മേശക്കിരിക്കുവാനും സാധിച്ചത് ജീവിതത്തിലെ ഒരു ധന്യ മുഹൂർത്തമായി കരുതി ദൈവത്തെ വീണ്ടും മഹത്വപ്പെടുത്തുന്നു.

ഈ സന്ദർഭങ്ങളിൽ എല്ലാം പരി ബാവായുടെ ലാളിത്യവും,ക്ഷമയും,സ്നേഹവും കരുണയും, കരുതലും എല്ലാം കണ്ടു മനസ്സിലാക്കുന്നതിന് ബലഹീനനായ എനിക്കു ഭാഗ്യമായി കരുതുകയും പരി.ബാവായുടെ ആത്മാവിനുവേണ്ടി പ്രാർഥിച്ചുകൊണ്ടും എന്റെ എളിയ ഈ സ്മരണ ഞാൻ സമർപ്പിക്കുന്നു.

Jaison Kavumkalath



# ത്രിയേക ദൈവത്തിനു സ്തുതി

ആകമാന സുറിയാനി സഭയ്ക്കും ലോകം മുഴുവനുമുള്ള ക്രൈസ്തവജനതയ്ക്കും നികത്താനാകാത്ത നഷ്ടമായി പരിശുദ്ധ പാത്രിയാർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഇവാസ് പ്രഥമൻ ബാവാ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു തനിക്കായി ഒരുക്കപ്പെട്ട സ്വർഗ്ഗീയ വാസസ്ഥലത്തേയ്ക്ക് യാത്രയായി.ഈ വേർപാടിന്റെ വേദനയിൽ പരിശുദ്ധ യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയും ലോകം മുഴുവനും ദു:ഖിക്കുമ്പോൾ ഈ ഇടവകയും ആ പരിശുദ്ധന്റെ ദേഹവിയോഗത്തിൽ ഹൃദയ വേദനയോടെ അനുശോചനങ്ങൾ അറിയിക്കുന്നു. ബഹറിൻ സെന്റ്: പീറ്റേഴ്സ് യാക്കോബായ സുറിയാനിപ്പള്ളിയിലെ മക്കൾക്ക് ആ പരിശുദ്ധ പിതാവ് ഊർജ്ജവും ആവേശവും ദൈവത്തിലേക്കുള്ള പാതയുമായിരുന്നു. ആ പുണ്യപാദസ്പർശമേൽക്കാൻ ഈ ഇടവയ്ക്ക് ഭാഗ്യം സിദ്ധിച്ചതിനേയോർത്ത് കർത്താവിനെ മഹത്വപ്പെടുത്തുകയാണ്.

പരിശുദ്ധാ അന്ത്യോഖ്യാ സിംഹാസനത്തിന്റെ 122-മതു പാത്രിയർക്കീസ് ആയിരുന്നു പരിശുദ്ധ സാഖാ ഇവാസ് പ്രഥമന പാത്രിയാർക്കീസ് ബാവ. പരിശുദ്ധ യാക്കോബ് ത്രിതിയൻ പാത്രിയാർക്കീസ് ബാവായുടെ ദേഹവിയോഗത്തെ തുടർന്ന് മലങ്കരയുടെ പ്രകാശ ഗോപുരമായിരുന്ന ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന synod ശ്രേഷ്ഠ പിതാവിനെ ഈ സ്ഥാനത്തേയ്ക്ക് അവരോധിക്കുവാൻ തിരുമാനിക്കുകയായിരുന്നു. 1980 സെപ്റ്റംബർ മാസം പതിനാലാം തിയതി പത്രോസിന്റെ അപ്പോസ്തോലിക സിംഹാസനത്തിൽ ആ പരിശുദ്ധ പിതാവ് ആരൂഢനായി തന്റെ ജീവിതാന്ത്യം വരെയും ഈ സഭയെ സ്നേഹിച്ചു ഈ സഭാ മക്കൾക്കായി ത്യാഗം സഹിച്ചു.

പരിശുദ്ധ പിതാവ് 1933 ഏപ്രിൽ മാസം 21ന് ഇറഖിലെ മൂസലിൽ ജനിച്ചു. Seenaherib എന്നായിരുന്നു പേര് നൽകിയത് St. Behnam ന്റെ പിതാവിന്റെ നാമം ആയിരുന്നു അത്. ആ അനുഗ്രഹിത കുടുംബത്തിലെ നാലാമനയായി പിറന്ന പിതാവിനു 3 സഹോദരന്മാരും 3 സഹോദരിമാരും ഉണ്ടായിരുന്നു. അദ്ധേഹത്തിന്റെ പൂർവ്വികന്മാർ ജെസ്രയുടെയും ട്രൈഗ്രീസിന്റെയും പ്രദേശത്തായിരുന്നു അവിടെ നിന്നും 300 വർഷങ്ങൾക്ക് മുൻപ് ഇറഖിലേക്ക് കുടിയേറിപ്പാർക്കുകയായിരുന്നു. അദ്ധേഹത്തിന്റെ പുർവ്വികർ പ്രധാന സ്ഥാനങ്ങൾ അലങ്കരിച്ചവരായിരുന്നു. അദ്ധേഹത്തിന്റെ Grandfather ഇറാഖിലെ ഫൈസൽ രാജാവിൽ നിന്നും പ്രത്യേക പുരസ്കാരം നേടിയ വ്യക്തിയായിരുന്നു.

അദ്ധേഹത്തിന്റെ പിതാവ് ബഷീർ ഇവാസ് ഈസ്റ്റാംബുൾ സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയ വ്യക്തിയായിരുന്നു. തുടർന്ന് അദ്ധേഹം മിലിട്ടറി എഞ്ചിനിയറിംഗ് കോളേജിൽ അദ്ധ്യപകനായി. തികഞ്ഞ സഭാ

സ്നേഹിയായിരുന്ന അദ്ധേഹം ആരാധനയിൽ സ്ഥിരമായി പങ്കെടുത്തിരുന്നു. അത് അദ്ധേഹത്തിന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചു. തന്റെ ആൺ മക്കളിൽ ഒരാളെ വൈദികനാക്കണമെന്ന് ആഗ്രഹിച്ചു കുറച്ചു നാളുകൾക്ക് ശേഷം അദ്ധേഹം അദ്ധ്യാപനവൃത്തി ഉപേക്ഷിച്ചു സ്വന്തമായി ഒരു ഫാക്ടറി ആരംഭിച്ചു. പക്ഷെ കുടുബത്തെ മുഴുവൻ വേദനയിലാക്കി പരിശുദ്ധ ബാവയ്ക്കു പത്തു വയസ്സു പ്രായമുള്ളപ്പോൾ അദ്ധേഹത്തിന്റെ പിതാവ് ഇഹലോക വാസം വെടിഞ്ഞു. അത് പരിശുദ്ധ പിതാവിനെ ഏറെ വേദനിപ്പിച്ചു. 2 വർഷങ്ങൾക്കു ശേഷം സ്വന്ത മാതാവും ഈ ലോകത്തിൽ നിന്നും വേർപെട്ടു.

ആറാമത്തെ വയസ്സുമുതൽ സന്യാസജീവിതം വേണമെന്നു ആ പിതാവ് ആഗ്രഹിച്ചിരുന്നു എന്നു പറഞ്ഞാൽ ആരും അത്ഭുതപ്പെട്ടുപോകും. എന്നാൽ ആ പിതാവ് പൂർണ്ണമായി ദൈവത്തിനായി ജീവിതം സമർപ്പിക്കപ്പെടുവാനായി ആഗ്രഹിച്ചു. പക്ഷെ കുടുംബത്തിലെ മുതിർന്ന പലരും അതിനു എതിർപ്പു പ്രകടിപ്പിച്ചു. എന്നാൽ ബാവായുടെ ദൃഢ നിശ്ചയം തകർക്കാൻ ആർക്കും സാധിച്ചില്ല. വൈദീക പഠനത്തിനായി 1946 ൽ തന്റെ പതിമൂന്നാം വയസ്സിൽ മൂസലിലെ സെന്റ് എഫ്രേം സെമിനാരിയിൽ ചേർന്നു. 1948 നവമ്പർ 28ന് അദ്ധേഹത്തിന് H.E മോർ അത്താനാസിയോസ് തോമ കസീർ കൊറോയോ സ്ഥനം നൽകി. 1983 ഫെബ്രുവരി 8 ന് H.E മോർ ഗ്രീഗോറിയോസ് പൗലോസ് ബെൻഹം 'അഫദയക്നോ' (Half Deacon) സ്ഥാനം നൽകി. അടുത്ത വർഷം പരിശുദ്ധ പിതാവ് സെമിനാരിയിൽ നിന്നും Diploma പൂർത്തിയാക്കി.

1954 ജൂൺ മാസം ആറാം തിയ്യതി പരിശുദ്ധ പിതാവിന്റെ ജീവിതത്തിലെ നിർണ്ണായകമായ ഒരു ദിവസമായിരുന്നു. അന്നേ ദിവസമായിരുന്നു ആ പിതാവ് സന്ന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. തന്റെ 21-മത്തെ വയസ്സിൽ. മോർ ഗ്രീഗോറിയോസ് പൗലോസ് ബെൻഹം തന്നെയായിരുന്നു അദ്ധേഹത്തിനു റമ്പാൻ (monk) സ്ഥാനം നൽകിയത്. 1955 ഡിസംബർ 18 ന് H.E മോർ ദിവാന്നാസ്യോസ് അദ്ധേഹത്തിനു Full Deacon പദവി നൽകി. 1955 ൽ അദ്ധേഹം ഹോംസിലെ പാത്രിയാർക്കൽ staff ൽ അംഗമായി. പാത്രിയാർക്കൽ സെക്രട്ടറിയുടെ സഹായിയായി.

വിദ്യാഭ്യാസ രംഗത്തിൽ സാഖാ ബാവ ഒരു പ്രതിഭ തന്നെയായിരുന്നു. സ്ഥിരമായി ഉയർന്ന മാർക്ക് വാങ്ങി പാസ്സായിരുന്നു. മൂസലിലെ Al-Tahra Al-Dakhilyah's church (Our Lady's church) and Mor Touma's school (St.Thomas school) എന്നിവിടങ്ങളിലായിരുന്നു അദ്ധേഹം തന്റെ വിദ്യാഭ്യാസം നിർവ്വഹിച്ചത്. 1957 ൽ അദ്ധേഹം 97% മാർക്ക് നേടിയാണ് കോളേജിൽ നിന്നും ബിരുദം നേടിയത്. ചരിത്രം,തത്വശാത്രം,ദൈവശാസ്ത്രം,church-low എന്നി മേഖലകളിൽ അദ്ധേഹത്തിനു

ഉയർന്ന തലത്തിലുള്ള അറിവുണ്ടായിർന്നു.സുറിയാനി , അറബി, ഇംഗ്ലീഷ് മുതലായ ഭാഷകൾ അഗാദ്ധമായ പാണ്ഡിത്യം അദ്ധേഹത്തിനുണ്ടായിരുന്നു.

1955-1958 കാലഘട്ടത്തിൽ റമ്പാനായിരുന്ന സഖാ ബാവ ജേർണലിസം വിഷയമാക്കി ഡിപ്ലോമ നേടി. 1960 ൽ അദ്ധേഹം ന്യൂയോർക്കിലെ General Theological college of episcopal church ൽ ദൈവശാസ്ത്ര പഠനത്തിനായി ചേർന്നു. 1983ൽ ദൈവശാസ്ത്രത്തിൽ Doctorate നേടി

പരിശുദ്ധ പിതാവ് തനിയെയും പരിശുദ്ധ യാക്കോബ് ത്രിതീയൻ പാത്രിയർക്കിസ് ബാവായുടെ സംഘത്തോടൊപ്പവും പലയാത്രകളും ചെയ്തിട്ടുണ്ട്. ഒട്ടനവധി രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. 1962 ലും 1963 ലും വത്തിക്കാൻ എക്യുമെനിക് കൗൺസിലിൽ ആ പരിശുദ്ധ പിതാവ് പങ്കെടുത്തു

ബഹറിന്റെ മണ്ണിലേക്ക് 2 തവണ എഴുന്നെള്ളി വന്ന് നമ്മെ അനുഗ്രഹിച്ച ആ പിതാവ് ഈ ലോകത്തിൽ നിന്നും നിത്യതയിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ മലങ്കര മക്കളെ ഹ്രദയത്തോടു ചേർത്തു വെച്ചു സ്നേഹിച്ച ആ പരിശുദ്ധ പിതാവിനോട് എങ്ങിനെ നന്ദി പറയണം.. അറിയില്ല. കേവലം ഒരു നന്ദി കൊണ്ട് ആ പരിശുദ്ധ പിതാവിനോടുള്ള സ്നേഹം അറിയിക്കുക അസാദ്ധ്യം. ഹ്യദയത്തിന്റെ അഗാധതയിൽ നിന്നും പരിശുദ്ധ പിതാവിനായി ഒരു യാത്രാ മൊഴി മാത്രം.

ഞങ്ങളെ നയിച്ച ശ്രേഷ്ഠ പിതാവേ , സമാധാനത്തോടെ പോവുക.

-----------------------------

എബ്രായർ 13:7

നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ.

++++++++++++++++++++++++++++

ഞങ്ങളോട് ദൈവ വചനം പ്രസംഗിച്ച് ഞങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും, വഴി നടത്തുകയും, ഞങ്ങളെ മേയിച്ചു ഭരിക്കുകയും ചെയ്ത കാലം ചെയ്ത ഞങ്ങളുടെ പ്രധാനാചാര്യനും, ആകമാന സുറിയാനി സഭയുടെ തലവനുമായ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായുടെ ജീവിതാവസാനം ഓർത്ത് ബാവായെ അനുകരിക്കുവാനും, അനുസരിപ്പാനും ഞങ്ങളെ യോഗ്യരാൽക്കണമെ.. Amen.

POLOSON VARKEY PYNADATH



## പരിശുദ്ധ പാത്രിയർക്കീസ് ബാവായും,വിശുദ്ധ മൂറോൻ കൂദാശയും

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനും 122-ാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസുമായിരുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവായുടെ പരിപാവന സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു!

പരി.ബാവായുടെ 4-ാമത്തെ, മലങ്കര എഴുന്നള്ളത്ത് വേളയിലെ,പ്രധാനപ്പെട്ട ഒന്നായിരുന്നു വി.മൂറോൻ കൂദാശ!

2004 സെപ്റ്റംബർ 25ന് കോതമംഗലത്ത്,മഹാപരിശുദ്ധനായ യൽദോ മാർ ബസ്സേലിയോസ് ബാവ കബറടങ്ങിയിരിക്കുന്ന വി.മർത്തോമൻ ചെറിയ പള്ളിയിൽ വച്ച്,പരി.പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹീക കാർമികത്വത്തിലും,ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ സഹകാർമികത്വത്തിലും നടന്ന വി.മൂറോൻ കൂദാശയിൽ മലങ്കര സഭയിലെ അഭിവന്ദ്യരായ മെത്രാപ്പോലീത്തൻമാരും,വന്ദ്യ റമ്പാച്ചൻമാർ,വന്ദ്യ കോർ എപ്പിസ്ക്കോപ്പമാർ,ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠർ,ശെമ്മാശൻമാർ,വൈദീക വിദ്യാർത്ഥികൾ,കന്യാസ്ത്രീകൾ തുടങ്ങി സഭയിലെ ആബാലവൃദ്ധം വിശ്വാസികളും സംബന്ധിച്ചു.

ആ അവസരത്തിൽ ബലഹീനനായ എനിക്ക് വി.മൂറോൻ കൂദാശയുടെ ഒരുക്ക ശുശ്രൂഷ മുതൽ പങ്കെടുക്കാൻ ദൈവം തന്ന അവസരം എന്റെ ജീവിതത്തിൽ വലിയ ഭാഗ്യമായി കാണുകയാണ്.

വി.മൂറോൻ കൂദാശയുടെ ഒരുക്കങ്ങൾക്ക് ശ്രേഷ്ഠ ബാവാ തിരുമേനി കല്പിച്ചാക്കിയത്, എന്റെ ഗുരുനാഥനും,കുടുംബാംഗവുമായ ദിവംഗതനായ വന്ദ്യ കുളിയാട്ട് പളത്തുള്ളിൽ എബ്രാഹം കോർ എപ്പിസ്ക്കോപ്പ അച്ചനെയായിരുന്നു!വന്ദ്യ അച്ചന്റെ സഹായിയായിട്ടാണ് എളിയവനായ ഞാൻ അതിൽ ശുശ്രൂഷിച്ചത്.

ശ്രേഷ്ഠ ബാവായുടെ കോതമംഗലത്തെ അരമനയായ,മൗണ്ട് സീനായ്യിൽ വച്ച് ശ്രേഷ്ഠ ബാവായുടെ അന്നത്തെ സെക്രട്ടറിയായിരുന്ന!ബഹുമാനപ്പെട്ട ബസ്സി അച്ചനോടൊപ്പം, രണ്ടാഴ്ച മുൻപേ ഒരുക്കങ്ങൾ തുടങ്ങി!വളരെ രഹസ്യമായാണ് ഈ തയ്യാറെടുപ്പുകൾ ഒക്കെയും ചെയ്യുന്നത്!വിവിധ തരം സുഗന്ധ ദ്രവ്യങ്ങൾ,ഒലിവെണ്ണ, കുങ്കുമപ്പൂവ് തുടങ്ങിയ വസ്തുക്കളാണ് വി.മൂറോൻ തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നത്. (പരിശുദ്ധ ബാവായുടെ മലങ്കര സന്ദർശന Website-ൽ ഇതിന്റെ വിശദ വിവരങ്ങൾ നല്കിയിട്ടുണ്ട്).

പ്രസ്തുത ദിവസം രാവിലെ വി.കുർബ്ബാനാന്തരം,വെറിയ പള്ളിയുടെ മേടയിൽ നിന്ന്, ആഘോഷമായി പള്ളിയകത്തേക്ക്,പരി.ബാവായും,ശ്രേഷ്ഠ ബാവായും,അഭി.തിരുമേനിമാരും അംശവസ്ത്രങ്ങൾ അണിഞ്ഞ്,12 സീനിയർ വൈദീകരും,12 പൂർണ്ണ ശെമ്മാശന്മാരും,12 യൗഫ്പ്പദിയാക്കോൻമാരും വി.മദ്ബഹായിൽ,വി.ബലിപീഠത്തിന മുൻപിൽ,തൈലവും വച്ച്

പ്രാർത്ഥന ആരംഭിച്ചു.ഭക്തി നിർഭരമായ അന്തരീക്ഷം പള്ളിയകത്ത്,ബഹുമാനപ്പെട്ട വൈദീകർക്കും,ശെമ്മാശൻമാർക്കും മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളു,ദിവംഗതനായ കോട്ടയിൽ ചെറിയാൻ മല്പാനച്ചന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട വൈദീക വിദ്ധ്യാർത്ഥികളാണ് ശുശ്രൂഷാ ഗാനങ്ങൾ ആലപിച്ചത്!അവരോടൊപ്പം,എളിയവനായ എനിക്കും അതിൽ സംബന്ധിക്കുവാൻ സാധിച്ചു.

ശുശ്രൂഷയുടെ മദ്ധ്യത്തിൽ പരി.ബാവ ഒരു സ്ഫടിക പാത്രത്തിൽ ഈ തൈലമെടുത്ത്,ഒരു കുടാരത്തിൻ കീഴിൽ 12 വൈദീകരും,മറുബഹാസയേന്തിയ 12 ശെമ്മാശൻമാരും,12 യൗഫുദിക്കോൻമാരും അകമ്പടി സേവിച്ച് പള്ളിക്കു ചുറ്റും ആഘോഷമായി നടത്തിയ പ്രദിക്ഷണം ഇന്നും മനസ്സിൽ മായാതെ നില്ക്കുന്നു,പരി.സഭയുടെ യശസ്സും,പാരമ്പര്യവും പ്രാധാന്യവും ഈ കൂദാശയി സംബന്ധിച്ച ഏതൊരു വിശ്വാസിക്കും അവിടെ ദർശിക്കുവാൻ സാധിച്ചു!പ്രദക്ഷിണാനന്തരം,പരി.ദേവാലയത്തിൽ പ്രവേശിച്ച്,വീണ്ടും പ്രാർത്ഥനയും, ഗാനങ്ങളും തുടർന്ന്,അവസാന ഭാഗത്ത് എത്തുന്നതിന് മുൻപ്,പ്രസ്തുത തൈലവും, ഒലിവെണ്ണയും കൂട്ടികലർത്തി വീണ്ടും പ്രാർത്ഥന തുടരുമ്പോൾ,ഈ തൈലം തിളക്കുന്ന ഒരു കാഴ്ചയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്!സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് ഇറങ്ങി,തൈലത്തിൽ ആവസിക്കുന്നു!അങ്ങനെ ആ തൈലം,വി.മൂറോൻ ആയി-പരി.ബാവ പ്രഖ്യാപിക്കുന്നു!മണിക്കൂറുകൾ നീളുന്ന ശുശ്രൂഷ പരി.യാക്കോബായ സുറിയാനി സഭയുടെ പാരമ്പര്യവും,പൈതൃകവും,വിളിച്ചോതുന്നവയാണ്!മൂറോൻ പകന്നു നല്കാൻ വന്ദ്യ മേൽപ്പട്ടക്കാർക്ക് മാത്രമേ അധികാരമുള്ളു.അങ്ങനെ പരി.സഭാ പ്രധാൻ പാത്രിയർക്കീസ് ബാവ ആകമാന സുറിയാനി സഭക്കും,പ്രത്യേകിച്ച് മലങ്കര സഭക്കും,നല്കിയ അനുഗ്രഹമാരി ഒന്നോ രണ്ടോ വാക്കിൽ ഒതുങ്ങുന്നതല്ല.പരി.ബാവ ദൈവസന്നിധിയിൽ പരി. സഭക്ക് വേണ്ടി മദ്ധ്യസ്ഥത യാചിക്കുന്നു,പരി.ബാവായുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ!

Paulose M.K



## ഒരു അനുഗ്രഹത്തിന്റെ ഓർമ്മക്കുറിപ്പ്

നമ്മുടെ അഭിവന്ദ്യ പിതാവ് സഭാ പ്രധാൻ ബാവ 1989-ൽ ബഹറിലെ നമ്മുടെ പള്ളിയിൽ സന്ദർശിക്കുകയുണ്ടായി.തഥവസരത്തിൽ പിതാവിനെ സന്ദർശനം നടത്തി ഫോട്ടോ എടുക്കാൻ എനിക്കും,ഭർത്താവ് വർഗ്ഗീസിനും മകൾ ഫ്ളെമിമേരിക്കും ദൈവം ഒരവസരം തന്നു.

ഫോട്ടോ എടുത്ത് കഴിഞ്ഞതിന് ശേഷം, നിനക്ക് മകൾ മാത്രമെയുള്ളുവെന്ന് സംഭാഷണമദ്ധ്യേ ചോദിക്കുകയുണ്ടായി. അപ്പോൾ ഞാൻ അഞ്ച് മാസം ഗർഭിണിയാണെന്നറിയിക്കുകയും, തഥവസരത്തിൽ നിനക്കൊരു മകൻ ഉണ്ടാകട്ടെയെന്ന് അനുഗ്രഹിക്കുകയും ചെയ്തു.ആ മഹാനുഗ്രഹം,ഞങ്ങളുടെ ആഗ്രഹം പോലെ ഫെബിൻ മാത്യു എന്ന മകനിലൂടെ സഫലമാക്കിത്തന്ന കർത്താവിനും ദിവംഗതനായ പിതാവിന്റെ ആത്മാവിനും മുന്നിൽ ഞാൻ പ്രത്യേക പ്രാർത്ഥയോടെ നമിക്കുന്നു.

അമ്മിണിക്കുട്ടി വർഗ്ഗീസ്.

# MEMMORIES THAT NEVER FADES!!!

Chev. Thomas Abraham



The small group waiting in the Bahrain airport VIP lounge was so anxious to see the arrival of Gulf Air flight from Damascus to Bahrain. The Vicar Fr. Shyjan Kuriakose and the entire Managing Committee members of 2003 were waiting to receive the Prince Patriarch of Antioch & All the East H.H. Ignatius Zakka I Iwas, who was arriving in Bahrain for the second pastoral visit in 2003 to attend our Church's Silver Jubilee celebrations. The then Minister of Islamic Affairs H.E. Sh. Abdulla Bin Khalid Al-Khalifa and the Undersecretary H.E. Sh. Khalifa Al-Khalifa, Dr. Fawaz Ishak, a prominent Syrian Christian in Bahrain, were also arrived after some time.

When the arrival of the flight was announced, the entire members were taken to the VIP arrival area and the Minister and the Undersecretary went inside the flight to receive His Holiness. The anxious faces of us blossomed when the door was opened and the first glimpse of His Holiness was visible. There was an enjoyable commotion from us to kiss the Sleeba of the Prince Patriarch, which was a blessed moment.

The one full week with His Holiness was the memorable moments of my life that never fades. As the then Secretary of the Church, I got the privilege to accompany His Holiness for all the official and unofficial programmes charted during the visit. The morning Holy Qurbana celebrated at the Indian School auditorium, the grand reception accorded there in the evening, were attended by our and other Church members, as well as members from other G.C.C. countries. The Patriarch's audience with the King was last official programme during the visit. I was personally blessed when His Holiness given me a Golden Cross with HH's name engraved on it, as a personal gift, which I am keeping as a treasure.

I still cherish the memories of my decoration as Chevalier in 2005 by His Holiness in Damascus, in front of the Church members and Managing Committee members. The love and care shown to us by His Holiness was remarkable. I owe my in-depth obligation to His Holiness, H.G. Mor Athanasios Geevargis, Fr. Shyjan Kuriakose and all of the members attended the ceremony.

The wide vacuum created due to the unexpected departure of the Holy Father, will be closed soon, but the legendary Patriarch's memories will remain in our hearts forever.



Roby Mathew Eapen & Family



Mathew Abraham & Family

# ആദരാഞ്ജലികൾ



C.T. Varghese & Family



N. V. Paulose & Family

# ആദരാഞ്ജലികൾ



**Alias K. Jacob (Justin) & Family**



**Alex John & Family**

ആദരാഞ്ജലികൾ



Raju Joseph & Family

ആദരാഞ്ജലികൾ



Biju Varghese & Family

ആദരാഞ്ജലികൾ



Roy Mathai & Family

ആദരാഞ്ജലികൾ



Saji Mathai & Family

ആദരാഞ്ജലികൾ



Prince P. Thomas & Family

ആദരാഞ്ജലികൾ



Benny T. Jacob & Family

ആദരാഞ്ജലികൾ



Minto Mathew & Family

ആദരാഞ്ജലികൾ



Thomas Mathew(Manoj) & Family

ആദരാഞ്ജലികൾ



Sunil Chakochan & Family

ആദരാഞ്ജലികൾ



Aghosh Ninan

ആദരാഞ്ജലികൾ



Jijomon Mathew & Family

ആദരാഞ്ജലികൾ



Nelson Paulose N. & Family

ആദരാഞ്ജലികൾ



Ponnamma Varghese & Family

ആദരാഞ്ജലികൾ



M. K. Paulose & Family

ആദരാഞ്ജലികൾ



Roy Samuel & Family



നാൽപതുനാൾ ഉപവസിക്ക

വിശക്കുന്നവന് അപ്പം കൊടുക്ക

ഇമ്മെശ സുതനേപ്പോൽ-

ദിനം ഏഴുവട്ടം പ്രാർത്ഥിക്ക.

മൂന്നു നൽവരങ്ങളാണ് ഈ ഈരടികളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(1) ഉപവസിക്കുക.(2)പ്രാർത്ഥിക്കുക.(3)ധാനധർമ്മം ചെയ്യുക.മത്തായി 6:1–18 ൽ പ്രാർത്ഥനാ സഹായികളായി രണ്ട് പേരെ ചൂണ്ടികാണിക്കുന്നുണ്ട്.ധാനധർമ്മവും, ഉപവാസവും,ക്രൈസ്തവ ജീവിതത്തിന് അത്യാവശ്യമായിരിക്കുന്ന മൂന്ന് നൽവരങ്ങളാണ് ഇവ.പ്രാർത്ഥിക്കുന്നവരുടെ എണ്ണം കൂടിവരുന്നുണ്ട്. ഉപവസിക്കുന്നവരുടെ എണ്ണം കുറയുന്നു.ധാനധർമ്മം ചെയ്യുന്നവരുടെ എണ്ണം തുലോം കുറവാണ്.'ഉപവാസം കൂടാതെയുള്ള പ്രാർത്ഥന അപൂർണ്ണമാണ്, ധാനധാർമ്മവും,ഉപവാസവും കൂടാതെയുള്ള പ്രാർത്ഥന അപ്രസ്കതമാണ്'. "പ്രാർത്ഥന ഒരു വൃക്ഷമാണെങ്കിൽ അതിന്റെ വേരാണ് ഉപവാസം. വൃക്ഷത്തിന്റെ ഫലമാണ് ധാനധർമ്മം".

ഈ മൂന്ന് വിഷയങ്ങളെക്കുറിച്ച് അല്പമായി ചിന്തിക്കാം.1.പ്രാർത്ഥന.Teach ചെയ്യുന്നവനെ Teacher എന്നു വിളിക്കും.Pray ചെയ്യുന്നവനാണ് Prayer.എങ്കിൽ നാം എല്ലാവരും പ്രയർ ആയിരിക്കണം.

മത്തായി 18:20 വാക്യത്തിൽ രണ്ടോ മൂന്നോ എന്ന പ്രസ്താവന കാണാം. ആത്മാവും,ശരീരവും,മനസ്സുമാകുന്നു രണ്ടോ മൂന്നോ പേരുടെ സമ്മേളനമായിരിക്കണം പ്രാർത്ഥന.ആത്മശരീര മനസ്സുകളുടെ കൂട്ടായ്മയാണ് പ്രാർത്ഥനക്ക് ആവശ്യമായിരിക്കുന്നത്.പ്രാർത്ഥന കൊടുക്കുന്നതാണ്, ക്ഷമിക്കുന്നതാണ്.കൊള്ളുവാനും ക്ഷമിക്കുവാനുമുള്ള അവസരമായിതീരുമ്പോൾ പ്രാർത്ഥനക്ക് പുതിയ അർത്ഥം കണ്ടെത്തുവാൻ സാധിക്കും

മൂന്നു രീതിയിലുള്ള പ്രാർത്ഥനയുണ്ട്.(1)Prayer of lips ചുണ്ടുകൊണ്ടുള്ള പ്രാർത്ഥന.നാം പ്രാർത്ഥിക്കുമ്പോൾ ചുണ്ടുകൾ മാത്രമേ പങ്കെടുക്കുന്നതായി കാണാറുള്ളു.

There are words with out heart.ഹൃദയമില്ലാത്ത പൊള്ളയായ വാക്കുകളുടെ സമ്മേളനമായി പലപ്പോഴും ഇങ്ങനെയുള്ള പ്രാർത്ഥന മാറാറുണ്ട്. ചുണ്ടുകൾ കൊണ്ടുള്ള പ്രാർത്ഥന Liptic Prayer എന്ന പേരിലാണ് അറിയപ്പെടുന്നത്.ചുണ്ടുകൾ കൊണ്ടുള്ള പ്രാർത്ഥന പലപ്പോഴും ഹൃദയത്തിൽ നിന്ന് അകന്നതായിരിക്കും.(2)Prayer of mind.മനസ്സുകൊണ്ടുള്ള പ്രാർത്ഥന ചുണ്ടിലുള്ള പ്രാർത്ഥന മനസ്സിലേക്കു രൂപാന്തരപ്പെടുമ്പോഴാണ് മനസ്സുകൊണ്ടുള്ള പ്രാർത്ഥനയായി തീരുന്നത്.(3)Prayer of heart. ഹൃദയം കൊണ്ടുള്ള പ്രാർത്ഥന,അവിടെ വാക്കുകളില്ല.ഹൃദയം മാത്രമാണുള്ളത്.ഈ മൂന്ന് പ്രാർത്ഥനകളും ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചക്കും ആവശ്യമാണ്.ഒന്നിൽമാത്രം ഒതുങ്ങി നില്ക്കാതെ ഒന്നിൽനിന്ന് മറ്റൊന്നിലേക്കുള്ള പ്രവേശനമായി (Intigration) തീരുമ്പോൾ പ്രാർത്ഥന നമ്മുടെ ജീവിതത്തിലായി എന്ന് പറയുവാൻ സാധിക്കും.

ഹൃദയം കൊണ്ടുള്ള പ്രാർത്ഥനക്ക് നല്ല ഉദാഹരണമാണ് ശമുവേൽ ബാലന്റെ അമ്മ ദേവാലയത്തിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ,പുരോഹിതന് മറുപടിയായി കൊടുക്കുന്നത്."യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ചെയ്തത്."(1ശമുവേൽ1:15) വാക്കുകളില്ലാതെ ഹൃദയം ദൈവസന്നിധിയിൽ ആയിതീരുന്ന അനുഭവം.അതാണ് പിതാക്കന്മാർ പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിച്ചത്.നമ്മുടെ ഹൃദയം ദൈവത്തിലേക്ക് ഉയർത്തി ദൈവത്തോടു സംസ്സർഗം ചെയ്യുന്ന പ്രാർത്ഥന.പ്രാർത്ഥനയെ സഹായിക്കുന്ന രണ്ട് ശക്തികളാണ് അഥവാ രണ്ട് ചിറകുകളാണ് ഉപവാസവും,ധാനധർമ്മവും.

(1)ഉപവാസം.ഉപത്തിൽ വസിക്കുക എന്നു പറഞ്ഞാൽ കൂടെ പാർക്കുക എന്നാണ് അർത്ഥം.ദൈവത്തോടുകൂടെ വസിക്കുന്ന അനുഭവമാണ് ഉപവാസം.സങ്കീ19:14- ൽ ഭാഗ്യവാനായ ദാവീദ് പ്രാർത്ഥിക്കുന്നത്"എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവെ,എന്റെ വായിലെ വാക്കുകളും,എന്റെ ഹൃദയത്തിലെ ധ്യാനവും,നിനക്ക് പ്രസാധമായിരിക്കണമേ".

ദൈവത്തിന് പ്രസാധമായിരിക്കുന്ന വാക്കുകളും,ദൈവത്തിന് പ്രസാധമായിരിക്കുന്ന ധ്യാനവും ഇവയാണ് നമുക്ക് ആവശ്യമായിട്ടുള്ളത്.

ദാനിയേൽ1:8-ൽ ദാനിലിന്റെ ഒരു പ്രാർത്ഥനയുണ്ട് ഒരു വിദ്യാർത്ഥി ഹോസ്റ്റൽ വാർഡനോട് പറയുന്നതുപോലെ "ഈ രാജാവിന്റെ ഭക്ഷണവും, പാനിയവുമല്ല എനിക്കാവശ്യം,എന്റെ മനസ്സുകൊണ്ട്പോലും ഇവ കഴിക്കുവാൻ എന്നെ അനുവദിക്കരുതേ"എന്നുള്ള അപേക്ഷയാണ് ഷണ്ഡാധിപന്റെ മുൻപിൽ ദാനിയേൽ

സമര്‍പ്പിക്കുന്നത്.ഇതു രണ്ട് ഭാഗങ്ങളും ചേര്‍ത്തുവായിച്ചാല്‍, "ദൈവത്തിന് പ്രസാധകരമായ വാക്കുകളും, ദൈവത്തിന് പ്രസാധകരമായ പ്രവൃത്തികളും,ദൈവത്തിന് പ്രസാധകരമായ ഭക്ഷണവും" ഇവ മൂന്നും നോമ്പനുഷ്ടാനത്തെ പുഷ്ടിപ്പെടുത്തുന്നതാണ്.ഉപവാസത്തിന്റെ ഫലമാണ് ധാനധര്‍മ്മം.ഉല്‍പത്തി 4:7-ല്‍ ദൈവം കായീനോട് ചോദിക്കുന്നുണ്ട് "നിന്റെ മുഖം വാടുന്നതെന്ത്,നീ നന്മ ചെയ്യുവെങ്കില്‍ നിന്റെ മുഖം പ്രസാധിക്കുമായിരുന്നു".നന്മ ചെയ്ത് മുഖം പ്രസാധിക്കുവാനും,നന്മ ചെയ്ത് പാപത്തില്‍നിന്ന് അകന്നിരിക്കുവാനുമുള്ളതായ അവസരമാണ് ധാനധര്‍മ്മമെന്ന് പറയുന്നത്.

"പ്രാര്‍ത്ഥനയാകുന്ന പക്ഷിയെ ദൈവസന്നിധിയിലേക്കുയര്‍ത്തുന്ന രണ്ട് ചിറകുകളാണ് ഉപവാസവും ധാനധര്‍മ്മവും".മാര്‍ അപ്രേമിന്റെ മെമ്രയില്‍ പറയുന്നതുപോലെ നാല്പതുനാള്‍ ഉപവസിക്കുക വിശക്കുന്നവന് അപ്പം കൊടുക്കുക,ദാവീദിനെപ്പോലെ ഏഴുവട്ടം പ്രാര്‍ത്ഥിക്കുക.ഉപവാസത്തിലൂടെ, ധാനധര്‍മ്മത്തിലൂടെ,പ്രാര്‍ത്ഥയിലൂടെ നമ്മുടെ ആത്മീയ ജീവിതം പുഷ്ടിപ്പെടുവാനും,നിത്യ ജീവനിലേക്ക് പ്രവേശിക്കുവാനും ഈ വാക്കുകള്‍ സഹായകമാകട്ടെ എന്ന പ്രാര്‍ത്ഥനയോടെ,

ബേബി മുന്നുപീടിയേയ്ക്കല്‍,

അങ്കമാലി.

---

**Youth Association Co-ordinator**



**Alan George**
**33716158**

**HEBRON Area Unit Female Co-ordinator**



**Sheela Reji**
**39850868**

## Solution to Bible crossword 3 - March 2014

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | 1 G | | | | | | 2 F |
| | 3 P | | | 4 C | | | | O | | | | 5 R | | O |
| | A | | | U | | | | O | | | | I | | R |
| | 6 S | H | 7 E | P | H | E | R | D | | | | G | | E |
| | T | | N | | | | | N | | | | H | | V |
| | U | | E | | | | | E | | | | T | | E |
| | R | | M | | | | | S | | | 8 F | E | A | R |
| | E | | I | | | | | S | | | | O | | |
| | S | | E | | 9 W | | | | | | | U | | |
| | | | 10 S | H | A | D | O | 11 W | | 12 S | | S | | |
| | | | | | T | | | 13 A | N | O | I | N | T | |
| | | | | | E | | | N | | U | | E | | |
| 14 C | O | M | F | O | R | T | | T | | L | | S | | |
| | | | | | S | | | | | | | S | | |

## Winners of Bible Cross Word – March 2014

1) Abel John Kuruvilla
2) Abel Prince
3) Akhil C Sunil
4) Aleena Alias
5) Alphy Varghese
6) Anitta Mariya Polson
7) Anjali Merin Sunil
8) Basil Prince
9) Blessy Mariam Philip
10) Christina Elias
11) Dan Abraham
12) Deo Kuriakose
13) Diya Ann K
14) Don Sabu Varkey
15) Edwin Mathew
16) Eldho Jaimon
17) Elias Mathew
18) Fiyona Eby
19) Flemy Sarah Eby
20) George K Laji
21) Irine Mary Paul
22) Jeeba C Biju
23) Jibu Joseph Biju
24) John T Alex
25) Kamal Baby Paul
26) Kezia Baby Paul
27) Kripa Susan Thomas
28) Liya Sara Joseph
29) Mahal Mani Ulahannan
30) Manuvel Benny
31) Merlin Mary
32) Milan Mani Mathew
33) Sarah Laji
34) Sebine Scaria
35) Serene Scaria
36) Shain Rima Alex
37) Sneha Elsa Kuruvilla

Congratulations.....

## ക്വിസ്സ് നമ്പർ - 2 Judges 10 - 21

1. മനോഹയോട് 13:14
2. തോബ് ദേശത്ത് 11:3
3. യിസ്രായേലിന്റെ സകല ദിക്കുകളിലും 19:29
4. അവന്റെ അമ്മയുടെ 17:2
5. ശിംശോൻ 14:18
6. അബ്ദോൻ 12:13,14
7. അഗ്നിജ്വാല യാഗപീഠത്തിന്മേൽ നിന്ന് ആകാശത്തിലേക്ക് പൊങ്ങിയപ്പോൾ യഹോവയുടെ ദൂതൻ യാഗപീഠത്തിന്റെ ജ്വാലയോടുകൂടെ കയറിപ്പോയി. 13:20
8. തലമുടിയിൽ / തലയിലെ ജട 16:17
9. ഫെലിസ്ത്യരുടെ 15:6
10. 18 സംവത്സരം 10:8
11. മീഖാവ് 17:13
12. ബെന്യാമീൻ 21:16
13. എന്റെ വീട്ടു വാതിൽക്കൽ നിന്ന് എന്നെ എതിരേറ്റു വരുന്നത് യഹോവയ്ക്കുള്ളതാകും 11:31
14. ദാഗോന്റെ ക്ഷേത്രം 16(20-30)
15. ലയീശ് 18:10

## Winners of Bible Quiz # 2 –March 2014


1) Aleyamma Thomas
2) Beena Mathew
3) Bindhu Sunil
4) Bisy Eby
5) Blessy Prageesh
6) Elsy Abraham
7) Jasmine P A
8) Jeepa Shaj
9) Jincy Gijo
10) Joji Susan Mani
11) Lissy Sunil
12) Moly Baby
13) Serene Scaria
14) Shaiby Baby
15) Sheeja Polson
16) Sheela Manoj
17) Shelby Jacob
18) Sosamma Scaria
19) Suni Philip
20) Synee Deena Varghese
21) Zibi Benny

**Congratulations.....**




6TH
Happy Birthday
Angel P. Eldho
On 24 - 4 - 14


10TH
Happy Birthday
Abin Reji
On 8 - 4 - 14


3rd
Happy Birthday
On 26 - 4 - 14
Ruth Mariam Manu


HAPPY
Birthday!
9TH
Kezia Baby Paul
On 9 - 4 - 14


Happy Birthday
10TH
Anna Aigi George
On 6 - 4 - 14


5TH
Happy Birthday
Selin Elsa Thomas
On 13 -



## കാൽവറിയിലെ സത്യം

കാൽവറി മലയതിൻ നിറുകയിൽ കണ്ടു ഞാൻ
വലിയോരു കുരിശതിൽ പിടയുമെൻ നാഥനെ
കാൽകരം ചേർത്തു മൂന്നാണിമേൽ നില്പു
സർവ്വവും സൃഷ്ടിച്ച സർവ്വേശപുത്രൻ.

കാരിരുമ്പാണി തുളച്ചോരാ കാൽകരം
മുൾമുടിചൂടും ശിരസ്സതിൽനിന്നും
ധാരയായ് ഒഴുകുന്നീ-പാപിയാമെൻ പേർക്കായ്
പാപമില്ലാത്തൊരാ കുഞ്ഞാടതിൻ രക്തം.

കണ്ടു ഞാൻ മേലെഴുത്തൊന്നാ കുരിശതിൽ
നസ്രായനേശു-യൂദരാജാവിവൻ
നഗ്നമായവനെ തരുവതിൽ തൂക്കി
തൻ-വസ്ത്രവുമായവർ ചീട്ടിട്ടെടുത്തു.

മാറ്റൊലികൊള്ളുന്നെൻ ഹൃദയത്തിലെന്നും
നെഞ്ചകം പൊട്ടുമാ-അമ്മ തൻ രോദനം
ഉള്ളുരുകി കരയുന്നു മാതാവു താനും
ഉള്ളത്തിലായിരം മുള്ളുതറച്ചപോൽ.

ഇല്ലില്ല സാഹസം ചെയ്തതില്ലൊന്നുമേ
വന്നില്ല വഞ്ചന വായിലവനെങ്കിലും
വേദന ഏറെതൻ ദേഹത്തിലേറ്റവൻ
പാടേറെപ്പെട്ടു എൻ പാടുകൾ പോക്കുവാൻ.

ഇല്ലിവൻ ചെയ്തില്ല ദോഷമതൊന്നുമേ
ക്രൂശിപ്പാനെന്ന് കൈ കഴുകി ന്യായേശൻ
ന്യായപ്രമാണത്തിൻ ലംഘനമായ്
ന്യായവേദങ്ങളേറെ നിരത്തി പുരോഹിതർ.

[illegible] ക്രിസ്തു തൻ കൺമുൻപിൽ നില്ക്കവേ
എന്താണ് സത്യമെന്നാരാഞ്ഞു പീലാത്തോസ്
തിരയുന്നു ഞാനുമെൻ സഹജരുമിന്നുമാ
സത്യമാം ദൈവത്തെ നമ്മിലെന്നറിയാതെ.

Chandi Joshua

# Funeral Service of Our Holy Father










# *Condolences Meeting for Our Holy Father*












# Condolences Meeting for Our Holy Father










# Announcements



## New Born

Baby Girl to Biju Thaleppilly Jacob & Ebi Biju

Baby Boy to Raigi George & Shini Varkey

Baby Boy to Eldho P.P & Jessy Eldho



bulletin APril 2014.indd 42 18-Apr-14 6:18:37 AM

**Best Compliments From...**

انترلـوك لمقاولات الصيانـة

# INTERLOCK MAINTENANCE CONSTRUCTION

هاتف: ١٧٢٩٦١٧٥ – فاكس: ١٧٢٩٦١٧٤ – النقال: ٣٦٥٧٤٨٠٠ – صندوق بريد: ٧٥٦٩٦ – سجل تجاري: ١٣٧٨٠-٥ – المنامة – مملكة البحرين

Tel : 17296175 - Fax : 17296174 - Mob : 36574800 - P.O. Box : 75696 - C.R. 13780-5 - Manama - Kinodom of Bahrain

Email: - ilsafety@outlook.com, interlockconstruction@ymail.com, Mob: 36685087

**ISO 9001-2008**

- Road Construction & Asphalt Works.
- Building Works
- Chainlink Fencing & Gates
- Road Safety Barrier
- Pedestrian Fencing
- Palisade Fencing
- Barbed Tape Concertina Fencing
- Bridge Parapet & Railing
- Mechanical Engineering Works
- Interlock Paving & Kerbing Works




bulletin APril 2014.indd 43 18-Apr-14 6:18:40 AM



*In loving memory of our beloved mother*

**Annamma Varkey (1930 – 2014)**

**Departed on 19th February 2014**

**May God almighty rest her departed soul in peace.**

**Jacob T V & Family.**

ആദരാഞ്ജലികൾ



**Eldho V. K & Family**

ആദരാഞ്ജലികൾ



**Reny Varghese & Family**



bulletin APril 2014.indd 44 18-Apr-14 6:18:42 AM




**JERSON C & FAMILY**



**Inserted by : Binu Jacob & Family**



bulletin APril 2014.indd 45 18-Apr-14 6:18:43 AM





**Inserted by : Varghese K.M. & Family**



bulletin APril 2014.indd 46 18-Apr-14 6:18:45 AM

## A tribute to the Equinox on which the Church rode over three decades



Jesus Christ said: "And I tell you that you are Peter, and on this rock I will build my church, and the gates of Hell will not overcome it. I will give you the keys of the kingdom of heaven; whatever you bind on earth will be bound in heaven, and whatever you loose on earth will be loosed in heaven" - Matthew 16:18-19

Late Lamented His Holiness Moran Mor Ignatius Zakka I Iwas, as the 122nd reigning Patriarch of Antioch and All the East and the Supreme Head of the Universal Syrian Orthodox Church, inherited those keys, preserved that rock and the Church entrusted to him by his Master and shepherd it the way that was pleasing to his Master. May the prayers of the Moran be a fortress for us.

**Inserted by Kochakkan family (Babu, Santha, Shaj, Jeepa, Ann & Ethan)**

## The Everlasting Fatherly Love and sweet memories,



The everlasting memories which myself and family experienced with presence of His Holiness at three occasions were the fortunate occasions in our life. In 2003 during His Holiness' 2nd Apostolic visit in Bahrain was the first graceful event happened in life to see a Holy Father so nearby. Bahrain Church and the people were blessed with fatherly love and affection in those days. By God's grace in 2005, I was lucky to have two audiences with His Holiness. The reception and fatherly care received for the group of spiritual children from Bahrain at His Holiness' seminary in Ma'aret Saydnaya, Damascus was a great fortune in our life. To me the very ordinary person fortunate to experience the Holy Father's love is a grace and gift of God.

During His 34-year patriarchate Holiness worked hard in ecumenical, interfaith, and diplomatic relations. Holy Father conducted a record-breaking number of consecrations of monks and bishops. Holiness was a man of all nations, and a man of God's Kingdom.

We humbly bow our head, and may our Lord keep Holy Father's soul in the laps of Abraham, Jacob and Ishaq and pray for us.

**Paul Varghese, Lissy, Christin & Sharon.**



bulletin APril 2014.indd 47 18-Apr-14 6:18:47 AM

# *Tearful Homage To Our Beloved Holy Father*









**K. M. Kurien & Family**



bulletin APril 2014.indd 48 18-Apr-14 6:18:47 AM

# ആദരാഞ്ജലികൾ



**Mathew Varkey & Family**



**Prageesh John Tharakan & Family**



bulletin APril 2014.indd 49 18-Apr-14 6:18:51 AM





# ആദരാഞ്ജലികൾ



*Inserted by:* *Santhosh Andrews Isaac & Family*